എം.എസ്.എ റസാഖ്

# നമസ്കാരത്തിലെ അപഹർത്താക്കൾ

عَن أَبِي قَتَادَةَ رَضِيَ اللَّهُ عَنْهُ قَالَ: قَال رَسُول الله صَلّى الله عَلَيْهِ وَسَلّم، أَسْوَأُ النَّاسِ سَرِقَةً الَّذِي يَسْرِقُ مِنْ صَلاَتِهِ، لاَ يُتِمُّ رُكُوعَها وَلاَ سُجُودَهَا، وَلاَ خُشُوعَهَا (رواه أحمد، صحيح الجامع للألباني 986).

**അബുഖതാദ(റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: ''നമസ്കാരത്തിൽനിന്ന് അപഹരിക്കുന്നവനാണ് ജനങ്ങളിൽ ഏറ്റവും മോശമായ അപഹർത്താവ്. അവൻ റുകൂഉം സുജൂദും പൂർത്തീകരിച്ച് നിർവഹിക്കുന്നില്ല. അതിൽ ഭയഭക്തിയുമില്ല'' (ഇമാം അഹ്മദ്, അൽബാനി സ്വഹീഹുൽ ജാമിഇൽ ഉദ്ധരിച്ചത്).**

ഭയഭക്തിയോടെയും മനസ്സാന്നിധ്യത്തോടെയുമായിരിക്കണം നമസ്കാരം നിർവഹിക്കേണ്ടത്. ഭയഭക്തി കൂടാതെയുള്ള നമസ്കാരം സമ്പൂർണ നമസ്കാരമാവുകയില്ല. നമസ്കാരം ഭയഭക്തിയോടെ നിർവഹിക്കാതെ വിജയം പ്രാപിക്കുക സാധ്യമല്ല. അഞ്ചു നേരത്തെ നമസ്കാരം സൂക്ഷ്മതയോടെയും കൃത്യസമയത്തും നിർവഹിക്കുന്നതിൽ പുലർത്തുന്ന കണിശത ഇഹപര സൗഭാഗ്യത്തിന് നിമിത്തമാകുന്നു. അല്ലാഹുവിനെ ഓർമിച്ചുകൊണ്ടും ഹൃദയം നിറയെ അവനോട് ഭയഭക്തിയുള്ളവരായുമാണ് നമസ്കരിക്കേണ്ടത്. നമസ്കരിക്കുന്നവരിൽ പൊതുവിൽ പ്രകടമായി കാണുന്ന അപകടകരമായ പ്രവണതയാണ് നബി (സ) മനോഹരമായ ഉപമയിലൂടെ വിവരിക്കുന്നത്. നമസ്കരിക്കുന്നവർ ധാരാളമുണ്ട്. അവരിൽ സൂക്ഷ്മതയോടെ നമസ്കരിക്കുന്നവർ കുറവാണെന്നു കാണാം. നിശ്ചിത ഫർദുകളും ശർത്വുകളും റുക്നുകളും പാലിച്ചുകൊണ്ടായിരിക്കണം നമസ്കാരം. അതിലെ ഓരോ കർമവും ചലനവും പാരായണവും പ്രാർഥനകളും അറിഞ്ഞും ഗ്രഹിച്ചും ഉൾക്കൊണ്ടുമാവണം നിർവഹിക്കേണ്ടത്. മറിച്ചാവുമ്പോൾ നമസ്കാരം ആത്മാവ് നഷ്ടപ്പെട്ട യാന്ത്രിക ചലനങ്ങൾ മാത്രമായിരിക്കും.

അല്ലാഹുവിനെ സ്നേഹിക്കുന്നവന് നമസ്കാരത്തിൽ ഭക്തിയുണ്ടാകുന്നു. മനസ്സിലെ ഭയവും അസ്വസ്ഥതകളും അല്ലാഹുവിലേക്ക് ഓടിയടുക്കുമ്പോൾ അകലുന്നു. ഇബ്നുൽ ഖയ്യിം പറയുന്നു: ''ജനം ദുൻയാവ് കൊണ്ട് സന്തുഷ്ടരാവുമ്പോൾ നീ അല്ലാഹുവിനെ കൊണ്ട് സന്തുഷ്ടനാവുക. ദുൻയാവുകൊണ്ട് ജനം ഐശ്വര്യവാന്മാരാകുമ്പോൾ നീ അല്ലാഹുവിനെ കൊണ്ട് ഐശ്വര്യവാനാകുക. ജനം ഇഷ്ടക്കാരുമായി സൗഹൃദം പങ്കിടുമ്പോൾ നീ നിന്റെ നാഥനുമായി സൗഹൃദത്തിലാവുക. ജനം ഉപജീവനം തേടി ഭരണാധികാരികളുടെയും നേതാക്കളുടെയും അരികിലേക്ക് പോകുമ്പോൾ നീ അല്ലാഹുവിലേക്ക് പ്രതീക്ഷയോടെയും സ്നേഹത്തോടെയും ചെല്ലുക.''

ഓരോ വിശ്വാസിക്കും നമസ്കാരത്തിന്റെ മാധുര്യം ആസ്വദിക്കാൻ കഴിയണം. ഇബ്നു തൈമിയ്യ പറയുന്നു: ''ഭൂവാസികളിലെ ദരിദ്രർ അതിലെ ഏറ്റവും വലിയ മാധുര്യം ആസ്വദിക്കാതെ വിടപറയുന്നവരാണ്.'' ഐഹിക ജീവിതത്തിലെ ഏറ്റവും വലിയ മാധുര്യം ഏതാണെന്ന ചോദ്യത്തിന് അദ്ദേഹം പറഞ്ഞു: ''ദൈവസ്നേഹം. നമസ്കാരത്തിൽ അല്ലാഹുവിനെ ഓർത്ത് കരയാൻ കഴിയാത്തവരാണ് ദരിദ്രർ.'' നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ അനാവശ്യവും ആവർത്തിച്ചതുമായ ചലനങ്ങൾ, ഹൃദയസാന്നിധ്യമില്ലെന്നതിനും ഭയക്തി ഇല്ലെന്നതിനും തെളിവാകുന്നു. താടിയിൽ അലക്ഷ്യമായി കൈവിരലുകൾ പായിച്ചുകൊണ്ടിരുന്ന ഒരാളെ കാണാനിടയായ ഉമർ (റ) പറഞ്ഞു: ''അയാളുടെ ഹൃദയത്തിൽ ഭയഭക്തിയുണ്ടായിരുന്നുവെങ്കിൽ അവയവങ്ങളിലും ഭക്തി ഉണ്ടാകുമായിരുന്നു.'' ചിലരുടെ നമസ്കാരത്തിലെ റുകൂഉം സുജൂദുമെല്ലാം വേർതിരിച്ചറിയാൻ സാധ്യമാകാത്തവിധം ധൃതിയിലായിരിക്കും. നാല് റക്അത്തുള്ള നമസ്കാരം അത്തരക്കാർ ഒന്നോ രണ്ടോ മിനിറ്റുകൾക്കുള്ളിൽ പൂർത്തീകരിച്ചിരിക്കും! അവരുടെ മനസ്സ് വേറെ ഏതോ ലോകത്ത് വിഹരിച്ചുകൊണ്ടിരിക്കും. അതിനിടയിൽ നമസ്കരിച്ചുവെന്ന് വരുത്തിത്തീർക്കും!

നബി(സ) പള്ളിയിൽ ഇരിക്കുന്ന സമയം ഒരാൾ വന്ന് നമസ്കരിച്ചശേഷം പ്രവാചകനെ സമീപിച്ച് സലാം പറഞ്ഞു. സലാം മടക്കിയശേഷം നബി(സ) ആ മനുഷ്യനോട് മടക്കി നമസ്കരിക്കാൻ ആവശ്യപ്പെട്ടു. 'നിന്റെ നമസ്കാരം ശരിയായിട്ടില്ല; നീ മടക്കി നമസ്കരിക്കുക.' അപ്രകാരം മൂന്നുപ്രാവശ്യം നബി(സ) അയാളോട് മടക്കി നമസ്കരിക്കാൻ ആവശ്യപ്പെടുകയുണ്ടായി. അടക്കമോ സൂക്ഷ്മതയോ ഇല്ലാതെ അലക്ഷ്യമായി നമസ്കരിച്ചു കൊണ്ടിരുന്ന ആ വ്യക്തിയുടെ നമസ്കാരം വീക്ഷിച്ചുകൊണ്ടിരുന്ന നബി(സ) അവസാനം അയാളോട് പറഞ്ഞു: 'നീ നമസ്കാരത്തിനായി നിന്നാൽ തക്ബീർ ചൊല്ലുക, സാധ്യമായത്ര ഖുർആൻ പാരായണം ചെയ്യുക, അടക്കത്തോടെ റുകൂഅ് ചെയ്യുക,

ഇഅ്തിദാലില്‍ നിവര്‍ന്നു നില്‍ക്കുക. തുടര്‍ന്ന് അടക്കത്തോടെ സുജൂദ് ചെയ്യുകയും ഇരിക്കുകയും ചെയ്യുക. ഇതേ വിധം ശാന്തമായി ഓരോ റക്അത്തും നിര്‍വഹിക്കുക.' (ബുഖാരി). നമസ്കാരത്തില്‍ ഇടത്തോട്ടും വലത്തോട്ടും തല തിരിച്ചുകൊണ്ടിരിക്കുന്നവനെക്കുറിച്ച് ചോദിച്ചപ്പോള്‍ നബി(സ) പറഞ്ഞു: ആ ദാസന്റെ നമസ്കാരം പിശാച് അപഹരിച്ചെടുത്തിരിക്കുന്നു (ബുഖാരി).

നമസ്കാരത്തില്‍ മുഖം തിരിക്കുന്നവനില്‍നിന്ന് അല്ലാഹുവും മുഖം തിരിക്കുന്നതാണ്. അത്തരക്കാരോട് അല്ലാഹു ചോദിക്കും, എന്നെക്കാള്‍ ഉത്തമമായതിലേക്കാണോ അവന്‍ മുഖം തിരിക്കുന്നത്? (അഹ്മദ്). ഹൃദയസാന്നിധ്യമില്ലാതെയും ചൊല്ലുന്നത് ഗ്രഹിക്കാതെയും നിര്‍വഹിക്കുന്ന നമസ്കാരം കൊണ്ട് യാതൊരു പ്രയോജനവുമില്ലെന്ന് നബി (സ) പറയുകയുണ്ടായി. ഭയഭക്തിയുടെയും മനസ്സാന്നിധ്യത്തിന്റെയും പൂര്‍ണതയുടെയും കൃത്യതയുടെയും അടിസ്ഥാനത്തിലായിരിക്കും നമസ്കാരത്തിന്റെ പ്രതിഫലം രേഖപ്പെടുത്തുന്നത്.

തികഞ്ഞ മനസ്സാന്നിധ്യത്തോടെയായിരുന്നു പ്രവാചകന്റെയും സ്വഹാബത്തിന്റെയും നമസ്കാരം. വിശ്വാസിക്ക് നമസ്കാരം പ്രത്യാശയും മനക്കരുത്തും നല്‍കുന്നു. ജീവിത പ്രശ്നങ്ങള്‍ ആത്മവീര്യം തകര്‍ക്കുമ്പോള്‍ നമസ്കാരം ആത്മീയശക്തി പ്രദാനം ചെയ്യുന്നു. ''സത്യവിശ്വാസികളേ, നിങ്ങള്‍ ക്ഷമ കൊണ്ടും നമസ്കാരം കൊണ്ടും സഹായം തേടുക'' (അല്‍ബഖറ 45). വല്ല പ്രയാസവും നേരിട്ടാല്‍ നബി (സ) നമസ്കാരത്തിലേക്ക് ധൃതിപ്പെട്ട് ചെല്ലുമായിരുന്നു. അവിടുന്ന് പറയുമായിരുന്നു: ''ബിലാല്‍ ഇഖാമത്ത് കൊടുക്കുക. നമസ്കാരം കൊണ്ട് ഞങ്ങളെ ആശ്വസിപ്പിക്കുക.'' അവിടുന്ന് ഇതുകൂടി പറഞ്ഞു: ''നമസ്കാരം കൊണ്ട് എനിക്ക് കണ്‍കുളിര്‍മ നല്‍കപ്പെട്ടിരിക്കുന്നു.'' അബൂത്വല്‍ഹ(റ) ഒരിക്കല്‍ തന്റെ തോട്ടത്തില്‍ നമസ്കരിക്കുകയായിരുന്നു. ഒരു പക്ഷി വൃക്ഷങ്ങള്‍ക്കിടയിലൂടെ പറക്കുന്നതു കണ്ട അബൂത്വല്‍ഹ നമസ്കാരത്തില്‍ അതിന്റെ പിന്നാലെ ദൃഷ്ടികള്‍ പായിച്ചു. അങ്ങനെ എത്ര നമസ്കരിച്ചുവെന്ന് മറന്നുപോയി. ദുഃഖിതനായ അദ്ദേഹം കരഞ്ഞുകൊണ്ട് പ്രവാചക സന്നിധിയില്‍ ചെന്ന് കാര്യം പറഞ്ഞു. ''അതിനാല്‍ പ്രവാചകരേ, ഞാനീ തോട്ടം അല്ലാഹുവിന്റെ മാര്‍ഗത്തില്‍ ദാനം ചെയ്യുകയാണ്. അല്ലാഹു എനിക്ക് പൊറുത്തു തന്നേക്കാം!''

അബൂഹുറയ്റ (റ) പറയുന്നു. 'ഒരാള്‍ അറുപത് വര്‍ഷമായി നമസ്കരിച്ചുപോരുന്നു. പക്ഷേ, അയാളില്‍നിന്ന് ഒരു നമസ്കാരം പോലും സ്വീകരിക്കപ്പെടുന്നില്ല.' തുടര്‍ന്നദ്ദേഹം അതിന്റെ കാരണം കൂടി വ്യക്തമാക്കി: 'അയാള്‍ നമസ്കാരത്തില്‍ റുകൂഉം സുജൂദും നിര്‍ത്തവും പൂര്‍ണതയോടെ ചെയ്യുന്നില്ല. അതില്‍ ഭയഭക്തിയുമില്ല' (മുന്‍ദിരി). ഉമര്‍ (റ) പറയുന്നു: 'ഇസ്‌ലാമിലൂടെ ഒരാള്‍ വാര്‍ധക്യം പ്രാപിക്കുന്നു. പക്ഷേ, അയാളുടെ നമസ്കാരത്തില്‍ ഒരു റക്അത്ത് പോലും പൂര്‍ത്തീകരിച്ചിട്ടില്ല. കാരണം അന്വേഷിച്ചപ്പോള്‍ ഉമര്‍ (റ) വിശദീകരിച്ചു, അയാള്‍ റുകൂഉം സുജൂദും പൂര്‍ണതയോടെ നിര്‍വഹിച്ചിട്ടില്ല.' ഇമാം അഹ്മദ് (റ) പറയുന്നു: 'ഒരു കാലഘട്ടം സമാഗതമാകും. അന്ന് ജനം നമസ്കരിക്കും. പക്ഷേ, അവര്‍ യഥാര്‍ഥ ചൈതന്യത്തോടെ ആവില്ല അത് നിര്‍വഹിക്കുന്നത്. അത് ഈ കാലഘട്ടമാണോ എന്ന് ഞാന്‍ ഭയക്കുന്നു.' ഇമാം ഗസ്സാലി ഒരു വ്യക്തിയുടെ നമസ്കാരത്തിന്റെ സ്വഭാവം വിശദീകരിക്കുന്നു. 'അയാള്‍ സുജൂദ് ചെയ്യുന്നു. അല്ലാഹുവുമായി അടുപ്പം നേടിയെന്ന് അവന്‍ കരുതുന്നു. അല്ലാഹുവില്‍ സത്യം, ഈ സുജൂദിന്റെ പാപം അവന്റെ നാട്ടുകാര്‍ക്ക് വിതരണം ചെയ്താല്‍ അവരെല്ലാം നശിച്ചതുതന്നെ.' അതെങ്ങനെയെന്ന് ചോദിച്ചപ്പോള്‍ ഇമാം വിശദീകരിച്ചു. 'തന്റെ ശിരസ്സ് അവന്‍ നാഥന്റെ മുന്നില്‍ കുനിക്കുന്നു. പക്ഷേ, അവന്‍ വ്യര്‍ഥമായ കളിതമാശകളിലും ദൈവധിക്കാരപരമായ പ്രവര്‍ത്തനങ്ങളിലും സുഖാഡംബരങ്ങളിലും ദുന്‍യാ പ്രേമത്തിലും വ്യാപൃതനായാണ് ജീവിക്കുന്നത്. എന്നിട്ടവന്‍ എന്തുതരം സുജൂദാണ് അല്ലാഹുവിനു വേണ്ടി ചെയ്യുന്നത്?'

നമസ്കാരം നിലനിര്‍ത്തുക എന്നാല്‍ പൂര്‍ണതയോടെയും നല്ല നിലയിലും നിര്‍വഹിക്കുക എന്നു കൂടി അര്‍ഥമുണ്ട്. മഹാനായ സ്വഹാബി ഉര്‍വത്തുബ്നു സുബൈറി(റ)ന്റെ ഒരു കാലില്‍ കാന്‍സറിനു സമാനമായ രോഗം പിടിപെട്ടു. ശരീരത്തിന്റെ ഇതര ഭാഗങ്ങളിലേക്ക് രോഗം പടരാതിരിക്കാന്‍ ആ കാല് മുറിച്ചുനീക്കണമെന്ന് വൈദ്യന്മാര്‍ വിധിച്ചു. അദ്ദേഹത്തിന്റെ ബോധം കെടുത്തിയ ശേഷം കാല് മുറിക്കാനുള്ള പല മാര്‍ഗങ്ങളും നിര്‍ദേശിച്ചുവെങ്കിലും ഉര്‍വ (റ) അതിനു സമ്മതിച്ചില്ല. പകരം അദ്ദേഹം നിര്‍ദേശിച്ചത്, ഞാന്‍ നമസ്കരിക്കുമ്പോള്‍ വിശേഷിച്ച് സുജൂദില്‍ മുഴുകുമ്പോള്‍ നിങ്ങള്‍ എന്റെ കാല് മുറിച്ചുമാറ്റിക്കൊള്ളുക എന്നാണ്! 'കാരണം ഞാനപ്പോള്‍ അല്ലാഹുവിന്റെ സന്നിധിയില്‍ രഹസ്യസംഭാഷണത്തിലായിരിക്കും.' ദുന്‍യാവ് ഞാന്‍ വിസ്മരിച്ചിരിക്കും. അതേപോലെ ചെയ്തു.

പ്രമുഖനായ ഹാതിം അസ്വമ്മിനോട് ഒരാള്‍ ചോദിച്ചു: 'നമസ്കാരത്തില്‍ താങ്കള്‍ ഭയഭക്തി കൈവരിക്കുന്നതെങ്ങനെയാണ്?' അദ്ദേഹം പറഞ്ഞു: 'നമസ്കാരത്തിനായി ഞാന്‍ തക്ബീര്‍ ചൊല്ലുമ്പോള്‍ കഅ്ബാലയം എന്റെ കണ്‍മുന്നില്‍ കാണുന്നതായി ഞാന്‍ വിഭാവന ചെയ്യും. സ്വിറാത്ത് പാലം എന്റെ കാല്‍ചുവട്ടിലാണെന്നും സ്വര്‍ഗം എന്റെ വലതുവശത്തും നരകം ഇടതുവശത്തും മലക്കുല്‍ മൗത്ത് എന്റെ പിന്നില്‍ നില്‍ക്കുന്നുവെന്നും ഞാന്‍ കരുതും. പ്രവാചകന്‍ അഭിലഷിച്ച പോലെ ഇതെന്റെ അവസാനത്തെ നമസ്കാരമാണെന്ന് ഞാന്‍ വിചാരിക്കും. ചിന്തിച്ചു ഗ്രഹിച്ചുകൊണ്ട് ഞാനതില്‍ പാരായണം ചെയ്യും. ഭയഭക്തിയോടെ റുകൂഉം സുജൂദും നിര്‍വഹിക്കും.' ●